## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5219** **27.06.2019 – ൽ മറുപടിക്ക്.**

## റേഷൻ കടയുടമകൾക്കുള്ള പ്രളയാനന്തര സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി സി.കെ. ആശ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പ്രളയകാലത്ത് വെള്ളം കയറിയ റേഷൻ കടകളിലെ സാധനങ്ങൾ മറ്റൊരു സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റി റേഷൻ വിതരണം നടത്തിയതിന് അധികമായി വന്ന ചെലവ് കടയുടമകൾക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) യും (ബി) യും 24.08.2018 ലെ സ.ഉ(സാധാ)നം. 436/18/ഭ.പൊ.വിവ. പ്രകാരം പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ കടകൾ) പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പ്രളയബാധിത പ്രദേശത്താണ് റേഷൻ കടകൾ പ്രവർത്തിക്കുന്നതെങ്കിൽ, വെള്ളം കയറാത്ത ഉയർന്ന സ്ഥലങ്ങളിലുള്ള പൊതുസ്ഥാപനങ്ങളോ, സ്വകാര്യ കെട്ടിടങ്ങളോ സൗകര്യപ്പെടുത്തി അവിടെ നിന്നും റേഷൻ വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ക്രമീകരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ജില്ലാ സപ്ലൈ ഓഫീസർമാർ/ താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രളയകാലത്ത് വെള്ളം കയറിയ റേഷൻ കടകളിലെ ഉപയോഗയോഗ്യമായ സാധനങ്ങൾ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റുക, ഉപയോഗശൂന്യമായവ മറവ് ചെയ്യുക എന്നിവയ്ക്കും റേഷൻ കടകൾ ശുചീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി 90,00,000/- രൂപയും ഉപയോഗശൂന്യമായ റേഷൻ സാധനങ്ങളുടെയും ഉപകരണങ്ങളുടെയും (ഇ-പോസ്, ഇലക്ട്രോണിക് ത്രാസ്) നഷ്ടം വന്നതിലൂടെ 1.24 കോടി രൂപയും, അങ്ങനെ ആകെ 2.14 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ റവന്യൂ വകുപ്പിൽ നൽകിയെങ്കിലും തീരുമാനമായിട്ടില്ല. |

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് റേഷൻ സാധനങ്ങൾ നൽകിയതിൽ ചെലവായ 64.82 ലക്ഷം രൂപ സംസ്ഥാന ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.

**(സി)** വൈക്കം താലൂക്കിലെ കല്ലറ പഞ്ചായത്തിൽ മാവേലി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്ന കാര്യത്തിലെ നടപടിക്രമങ്ങൾ നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**(സി)** 10.06.2019 ലെ എം5-15661/12 നമ്പർ കത്ത് പ്രകാരം വൈക്കം താലൂക്കിലെ കല്ലറ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്നതിനായി കണ്ടെത്തിയ 2000 ച. അടി കെട്ടിടം ച.അടിക്ക് 16/- രൂപ നിരക്കിൽ 15 വർഷത്തേക്ക് ഓരോ മൂന്നു വർഷം കൂടുമ്പോഴും 15% വാടക വർദ്ധനവ് എന്ന നിരക്കിൽ ദീർഘകാല വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിനും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട കെട്ടിടത്തിൽ സൂപ്പർ മാർക്കറ്റിനുവേണ്ട ഫർണിഷിംഗ് മറ്റ് അനുബന്ധ ജോലികളും താമസംവിനാ പൂർത്തിയാക്കി സൂപ്പർ മാർക്കറ്റ് തുറക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**